*Celebrating Extraordinary Missionary Month October 2019…*

2 October 2019

ഏലിയ നാലാം ബുധൻ

Lk 9:1-6 അപ്പസ്തോലന്മാരും, സുവിശേഷ പ്രഘോഷണവും

Fr. Winson Moyalan CMI

ഏറെ പ്രാർത്ഥനയ്ക്കും ഒരുക്കത്തിനും ശേഷമാണ് യേശു പന്ത്രണ്ട് അപ്പസ്തോലന്മാരെ തിരഞ്ഞെടുക്കുന്നത് ( 6:12ff ) അത് ദൈവത്തിന്റെ വരവും, വിളിയും തിരഞ്ഞെടുപ്പുമാണ്. അങ്ങനെ തിരഞ്ഞെടുത്തവരെ ഇന്ന് പ്രത്യേക ദൗത്യവുമായി യേശു അയയ്ക്കുകയാണ്. രോഗങ്ങൾ സുഖപ്പെടുത്താനും, സുവിശേഷം പ്രസംഗിക്കാനും പിശാചുക്കളെ ബഹിഷ്കരിക്കാനും വേണ്ട അധികാരവും അവർക്ക് നല്കപ്പെടുന്നുണ്ട്.
അത്ര സുസജ്ജമാക്കിയിട്ടാണ് യേശു അവരെ ദൈവരാജ്യം പ്രഘോഷിക്കാൻ അയയ്ക്കുന്നത്.

യേശുവിന്റെ ശുശ്രൂഷയും ഇതു തന്നെയായിരുന്നു. ഭാവിയിൽ തന്റെ ശിഷ്യന്മാർ നിർവ്വഹിക്കേണ്ടതും ഇതേ ദൗത്യം തന്നെയാണ്. ഇതിന് വിഭിന്നമായി ചെയ്യുന്ന ഒരു പ്രവർത്തനവും യേശുവിന്റെ ശുശ്രൂഷയുമായി ബന്ധമുള്ളവയല്ല.

വലിയ ദൈവീകവരങ്ങളും, ദൈവീക സംരക്ഷണവും വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ളതിനാൽ ലൗകീക വിഷയങ്ങളുടേയും സൗകര്യങ്ങളുടേയും പിടിയിൽ വീഴാതിരിക്കാൻ ഏറെ ശ്രദ്ധിക്കണമെന്ന ഉദ്ബോധനവും യേശു നല്കുന്നുണ്ട്. നമ്മുടെ ശുശ്രൂഷകൾ ഒരു കാരണവശാലും നിർബ്ബന്ധിത ധനസമ്പാദത്തിനു വേണ്ടിയാകരുത്. എന്നാൽ സ്വയംപ്രേരിതരായി നല്കപ്പെടുന്ന പണം സ്വീകാര്യവുമാണ്.

അതുപ്പോലെ തന്നെ യേശു ശിഷ്യർക്ക് ഒരിക്കലും സ്ഥിര താവളം ഉണ്ടാകരുത്. പ്രവാസികളെപ്പോലെ ഗ്രാമഗ്രമാന്തരങ്ങളിൽസദ്വാർത്ത അറിയിച്ചു കൊണ്ട് ചുറ്റി സഞ്ചരിക്കുന്നവരായിരിക്കണം അവർ. ലോക സമ്പത്തിലോ അധികാരത്തിലോ കുടുങ്ങി കിടക്കേണ്ടവരല്ല ക്രിസ്തു ശിഷ്യർ. ശശൂഷകളിൽ ലാഭവും, സുസ്ഥിരതയും ഉണ്ടാക്കുന്ന ഏത് പ്രവർത്തനവും സുവിശേഷ പ്രഘോഷണത്തിന്റെ എതിർ സാക്ഷ്യങ്ങളാണ്. അവ കാണുന്നവർക്ക് ഉതപ്പും, ഇടപ്പെടുന്നവർക്ക് അസ്വസ്ഥതയുമുളവാക്കും.
പഴകി പോകാത്തതും, തുരുമ്പെടുക്കാത്തതും, കള്ളന്മാർ തുരന്നു മോഷ്ടിക്കാത്തതുമായ ദൈവീക സമ്പത്തായിരിക്കണം യേശുശിഷ്യന്റെ വേതനം.

*Published by*
CMI General Department of Evangelization and Pastoral Ministry